മാന്യരെ,

നമ്മുടെ രാജ്യത്തിനായി നിരവധി ഫുട്ബോൾ താരങ്ങളെ സമ്മാനിച്ച സംസ്ഥാനമാണ് കേരളം. 90 കളിൽ ഇൻഡ്യയ്ക്ക് വേണ്ടി ബൂട്ടണിയുവാൻ കേരളത്തിൽ നിന്നും ഏഴ് താരങ്ങൾ ഉണ്ടായിരുന്നുവെന്ന വസ്തുത പുതിയ തലമുറയ്ക്ക് വിശ്വസിക്കാനാകാത്ത വിധം നമ്മുടെ ഫുട്ബോൾ രംഗം പ്രതിസന്ധി നേരിടുകയാണ്. ക്രിക്കറ്റിന്റെ അതിരുകവിഞ്ഞ വാണിജ്യ തന്ത്രത്തിന്റെയും, ഫുട്ബോൾ അസ്സോസിയേഷനുകളുടെ ദിശാബോധമില്ലായ്മയും, മാറിവരുന്ന സർക്കാരുകളുടെ കടുത്ത അനാസ്ഥ മൂലവും നമ്മുടെ സംസ്ഥാനത്തെ ഫുട്ബോൾ രംഗം കിതച്ച് നീങ്ങുകയാണ്. ഈ കിതപ്പിനിടയിലും തീരദേശ ഗ്രാമങ്ങളിലും മലബാർ മേഖലയിലും പരമ്പരാഗത കായിക വിനോദമെന്ന നിലയിൽ ഫുട്ബോൾ കളിയും, ടൂർണമെന്റുകളും ശക്തമായി തുടരുന്നുവെന്നത് ഏറെ ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്.

ഈ പശ്ചാത്തലത്തിലാണ് തിരുവനന്തപുരം ലത്തീൻ അതിരൂപത തീരദേശ ഗ്രാമങ്ങളിലെ ഫുട്ബോൾ താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 9 വയസ്സ് പ്രായമായ കുട്ടികൾക്കുവേണ്ടി ഒരു സ്പോർട്സ് അക്കാദമി ആരംഭിക്കണമെന്ന് ആഗ്രഹിക്കുന്നത്. തികഞ്ഞ പ്രൊഫഷണൽ കാഴ്ചപ്പാടോടുകൂടി, രാജ്യാന്തര നിലവാരത്തിൽ നടത്തുവാനുദ്ദേശിക്കുന്ന അക്കാദമിയിലേയ്ക്ക് അഡ്മിഷൻ ലഭിക്കുന്നവർക്ക് താമസ-പഠനസൗകര്യവും, വിദേശ പരിശീലകരുടെ ശാസ്ത്രീയമായ പരിശീലനവും ലഭ്യമാക്കുന്ന തരത്തിലാണ് അക്കാദമിയുടെ പ്രവർത്തനം സജ്ജീകരിക്കുന്നത്.

അക്കാദമിയിലേയ്ക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്നതിനായി ഒരുവർഷം നീണ്ട് നിൽക്കുന്ന ഫുട്ബോൾ പരിശീലനക്യാമ്പുകൾ ഫെറോനാതലത്തിൽ ഘട്ടംഘട്ടമായി നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. പ്രാരംഭഘട്ടമെന്ന നിലയിൽ പുല്ലുവിള ഫെറോനയിലെ ഇടവകകളിൽ ക്യാമ്പുകൾ ആരംഭിക്കുകയാണ്. പരിശീലനക്യാമ്പിന്റെ ഉദ്ഘാടനവും ക്യാമ്പുകൾക്കാവശ്യമായ ഫുട്ബോൾ വിതരണവും 31-5-2011 തീയതിയിൽ ചൊവ്വാഴ്ച വൈകിട്ട് 3.30 മണിക്ക് പൂവാർ സെന്റ് ബർത്തലോമിയോ ഫുട്ബോൾ അക്കാദമി ഗ്രൗണ്ടിൽ വച്ച് നടത്തുകയാണ്. പ്രഗത്ഭരായ ഫുട്ബോൾ താരങ്ങൾ പങ്കെടുക്കുന്ന പ്രസ്തുത പരിപാടിയിലേയ്ക്ക് ഏവരുടേയും പങ്കാളിത്തവും സഹകരണവും പ്രതീക്ഷിച്ചുകൊള്ളുന്നു.

**റവ. ഫാ. ജോയി സി. മാത്യു**

സ്പോർട്സ് ഓർഗനൈസർ

തിരുവനന്തപുരം ലത്തീൻ കത്തോലിക്ക അതിരൂപത

## കാര്യപരിപാടി

ഈശ്വര പ്രാർത്ഥന - കുമാരി അനീറ്റ മേരി

സ്വാഗത പ്രസംഗം - ശ്രീ സ്റ്റീഫൻ മൊറായിസ്
(സെന്റ് ബർത്തലോമിയോ സ്പോർട്സ് ഡവലപ്മെന്റ്
കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം)

ഫുട്ബോൾ വിതരണ
ഉദ്ഘാടനം - വെരി.റവ. മോൺ. യൂജിൻ എച്ച്. പെരേരാ
(വികാർ ജനറൽ, തിരുവനന്തപുരം ലത്തീൻ അതിരൂപത)

അദ്ധ്യക്ഷ പ്രസംഗം - റവ. ഫാ. ജിജോ ജോർജ്ജ് (പൂവാർ ഇടവക വികാരി)

ഫുട്ബോൾ പരിശീലനക്യാമ്പ്
ഉദ്ഘാടനം - 1. ശ്രീ. ഇഗ്നേഷ്യസ് സിൽവസ്റ്റർ
(മുൻ സന്തോഷ് ട്രോഫി കേരള ഫുട്ബോൾ ടീം ക്യാപ്റ്റൻ)

2. ശ്രീ. ബിജേഷ് ബെൻ
(2011 സന്തോഷ് ട്രോഫി - കേരള ക്യാപ്റ്റൻ)

ആശംസാ പ്രസംഗം - വെരി. റവ. ഫാ. ജയിംസ് കുലാസ്
(ഡയറക്ടർ, ഹയർ എഡ്യുക്കേഷൻ മിനിസ്ട്രി,
തിരുവനന്തപുരം ലത്തീൻ അതിരൂപത)

വെരി. റവ. ഫാ. ഡോ. തോമസ് നെറ്റോ,
(തിരുവനന്തപുരം ലത്തീൻ അതിരൂപത കോ-ഓർഡിനേറ്റർ)

വെരി. റവ. ഫാ. സിൽവസ്റ്റർ കുരിശ്
(പുല്ലുവിള ഫൊറോനവികാരി)

റവ. ഫാ.വിൽഫ്രഡ് വി.
(മുൻ ചെയർമാൻ, സെന്റ് ബർത്തലോമിയോ
സ്പോർട്സ് ഡവലപ്മെന്റ് കൗൺസിൽ)

ഡോ. ഗബ്രിയേൽ വി.
(മുൻ സംസ്ഥാനസ്പോർട്സ് ഓർഗനൈസർ)

നന്ദി - റവ. ഫാ. ജോയി സി മാത്യു
(സ്പോർട്സ് ഓർഗനൈസർ,
തിരുവനന്തപുരം ലത്തീൻ കത്തോലിക്ക
അതിരൂപത)


ഉദ്ഘാടനത്തിന് ആതിഥേയത്വം വഹിക്കുന്നത്
സെന്റ് ബർത്തലോമിയോ സ്പോർട്സ് ഡവലപ്മെന്റ് കൗൺസിൽ,
പൂവാർ. പി. ഒ., തിരുവനന്തപുരം
ഫോൺ : 8089375738




# തിരുവനന്തപുരം ലത്തീൻ കത്തോലിക്ക അതിരൂപതാസ്പോർട്സ് അക്കാദമി-ഫുട്ബോൾ പരിശീലനക്യാമ്പിന്റെ ഉദ്ഘാടനവും ഫുട്ബോൾ വിതരണവും

**ഉദ്ഘാടനം**

**വെരി. റവ. മോൺ. യൂജിൻ എച്ച്. പെരേരാ**

**2011 മെയ് 31 ചൊവ്വാഴ്ച വൈകിട്ട് 3.30 മണി**
**സെന്റ് ബർത്തലോമിയോ ഫുട്ബോൾ അക്കാദമി ഗ്രൗണ്ട്, പൂവാർ**